
കൈറ്റ്സ്



# ലിറ്റിൽ കൈറ്റ്സ് ഐ റ്റി ക്ലബ്

# സെന്റ് മേരീസ് ഹൈസ്കൂൾ കല്ലാനോട്

# യൂണിറ്റ് നമ്പർ : LK/2018/47017

# എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ : മുഹമ്മദ് സിനാൻ ബി എൻ

എവ്‌ലിൻ മരിയ ജോസ്

ജോസഫ് ജോർജ്ജ്

ബിജില കെ എസ്

ഷിൽന എൻ എസ്

വിഷ്ണു വിനോദ്

അമൽ കൃഷ്ണ

# എഡിറ്റോറിയൽ

അറിവ് മറ്റൊരാളിൽനിന്ന് പകർന്നു കിട്ടുക എന്നതിനപ്പുറം ഓരോരുത്തരും സ്വയം നിർമ്മിക്കേണ്ടതാണ്. ഇതിനുള്ള അവസരമാണ് ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് പരിശീലന കാലയളവിൽ ലഭിക്കുന്നത്. സാങ്കേതിക രംഗത്തെ വിവിധ മേഖലകളെ പരിചയപ്പെടുന്നതിനും പരിശീലിക്കുന്നതിനും ഉള്ള സാഹചര്യം ഇവിടെ ലഭ്യമാകുന്നു. ഇതിന്റെ തുടർച്ചയായി ഞങ്ങൾ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ നിർമ്മാണത്തിൽ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ എല്ലാവരും താത്പര്യപൂർവ്വം സഹകരിച്ചിട്ടുണ്ട്. ഇതിനായി ഞങ്ങളെ പ്രോത്സാഹിപ്പിക്കുകയും സഹായിക്കുകയും ചെയ്ത അധ്യാപകർക്കും രചനകൾ നൽകിയ കൂട്ടുകാർക്കും നന്ദി. വിവരവിനിമയ സാങ്കേതിക വിദ്യയോടുള്ള അഭിരുചി വളർത്തിയെടുക്കാൻ എല്ലാവർക്കും കഴിയട്ടെ എന്ന് ആശംസിക്കുന്നു.

മുഹമ്മദ് സിനാൻ ബി എൻ



# ആശംസ

ലിറ്റിൽ കൈറ്റ്സ് പദ്ധതിയിൽ അംഗമായ വിദ്യാർത്ഥിക്ക് പരിശീലനകാലയളവിൽ വൈവിധ്യമാർന്ന പരിശീലന പ്രവർത്തനങ്ങളിലൂടെ കടന്നു പോകാനുള്ള അവസരമാണ് ലഭിക്കുന്നത്. ഇതിന്റെ ഭാഗമായി നിങ്ങൾ തയ്യാറാക്കിയ 'കൈറ്റ്സ്' ന് ആശംസകൾ.....

***ഹെഡ്മാസ്റ്റർ***



# ആശംസ

നൂതന സാങ്കേതിക വിദ്യാലോകത്തേയ്ക്ക് വിദ്യാർത്ഥികളെ കൈപിടിച്ചുയർത്തുന്നതിനുള്ള നൂതന സംരംഭമാണ് ലിറ്റിൽ കൈറ്റ്സ് ഐ.റ്റി . ക്ലബ്. സാങ്കേതിക വിദ്യയിൽ വൈദഗ്ധ്യവും അഭിരുചിയുമുള്ള ഒരു തലമുറയ വാർത്തെടുക്കാൻ ഇതിലൂടെ കഴിയും . ഓരോ കുട്ടിക്കും തനിക്ക് യോജിച്ച മേഖല കണ്ടെത്തുന്നതിനുകൂടിയുള്ള അവസരമാണിത്. നിങ്ങൾക്ക് ആശംസകൾ.....

**ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്**




# താളുകൾ മറിയുമ്പോൾ

തൊട്ടാവാടി.......9
യാത്രാവിവരണം.......9
ഉഗ്രൻ തമാശ.......16
ഞാൻ നട്ട മരം.......19
മഹത് വചനങ്ങൾ.......19
പ്രളയമെടുത്ത ജീവിതം.......21
നാളയുടെ വിപത്ത് ലഹരി.......23
നാഗരികം.......25
വാട്സപ്പും ഫെയ്സ്ബുക്കും.......27
പഴഞ്ചൊല്ലുകൾ.......28
കുറവുകൾ തീർക്കുന്ന കൂട്ടുകാർ.......30
സോഫിയ എന്ന റോബോട്ട് സുന്ദരി.......32
ഓർമ്മകൾ.......34
കുഞ്ഞുണ്ണിക്കവിതകൾ.......35
കുസൃതിച്ചോദ്യങ്ങൾ.......37
അമ്മ.......39
പ്രളയാനന്തര നവകേരളത്തിനായി.......41



# തൊട്ടാവാടി



വേലിക്കൽ നിക്കണ പൂവേ
തൊട്ടാവാടി പെണ്ണേ
തൊട്ടാൽ വാടണതെന്തേ
തൊട്ടാവാടിപ്പൂവേ
തൊട്ടാൽ വാടില്ലെങ്കിൽ
തൊട്ടുകളിക്കാം നിന്നെ
കാണാൻ ചന്തം തോന്നും നിന്നെ
കൂടെ കൂട്ടാം നിന്നെ
എന്നോടൊപ്പം വായോ
കുസൃതിപ്പൂവേ വായോ
വേലിക്കൽ നിക്കണ പൂവേ
തൊട്ടാവാടി പെണ്ണേ
തൊട്ടാൽ വാടണതെന്തേ
തൊട്ടാവാടിപ്പൂവേ
തൊട്ടാൽ വാടില്ലെങ്കിൽ
തൊട്ടുകളിക്കാം നിന്നെ
കാണാൻ ചന്തം തോന്നും നി



# യാത്രാവിവരണം

## വയനാടൻ കാഴ്ചകൾ

രാവിലെ തന്നെ ഞങ്ങൾ വയനാട്ടിലേയ്ക്ക് യാത്ര തുടങ്ങി. ഒരു വാനിലാണ് യാത്ര. കുറെ സമയത്തെ യാത്രക്ക് ശേഷം ഞങ്ങൾ ചുരത്തിനടുത്തെത്തി. പ്രഭാത ഭക്ഷണം ഇവിടെ നിന്നും കഴിച്ച് ചുരം കയറി തുടങ്ങി. രണ്ടു ഭാഗത്തും മനോഹരമായ കാഴ്ചകൾ! മുകളിലേക്ക് പോകും തോറും കാഴ്ച്ചകളുടെ മാറ്റും തണുപ്പും കൂടിക്കൂടി വരുന്നു. ചുരത്തിൽ ഒരിടത്ത് വണ്ടി നിർത്തി. ഇവിടെ യുള്ള കുരങ്ങുകൾക്ക് മനുഷ്യരുമായി നല്ല ഇണക്കമാണ്. ഭക്ഷണത്തിനും മറ്റും അവ നമ്മുടെ അടുത്തേക്ക് വരും . ചുരത്തിന് മുകളിൽ നിന്നും താഴേക്കുള്ള കാഴ്ചകൾ അതി മനോഹരമാണ്.

ചുരത്തിന്റെ മുകളിൽ എത്തുമ്പോൾ അവിടെ ഒരു ചങ്ങല മരം കാണാം. മുമ്പ് കാലത്ത് ബ്രിട്ടിഷുകാർക്ക് വഴി കാണിച്ചു കൊടുത്ത കരിതണ്ടൻ എന്ന ആദിവാസി യുവാവിനെ അവർ കൊന്നു കളഞ്ഞത്രേ! കരിതണ്ടന്റെ ആത്മാവ് ഇതിൽ കൂടി വരുന്ന യാത്രക്കാരെ ശല്ല്യപ്പെടുത്താൻ തുടങ്ങി എന്നും ഒരു മന്ത്രവാദി അതിനെ തളച്ചു ഈ മരത്തിൽ ചങ്ങലക്കിട്ടതാണെന്നുമാണ് വിശ്വാസം.

ചുരകാഴ്ചകൾക്ക് ശേഷം കുറുവാ ദ്വീപിലേയ്ക്കാണ് അടുത്ത യാത്ര. 950 എക്കറോളം വ്യാപിച്ചു കിടക്കുന്ന ഒരു ഹരിത വനമാണ് കുറുവാ ദ്വീപ്. ചെറിയ ചെറിയ ദ്വീപുകൾ കൂടിയ ഒരു ദ്വീപു സമൂഹം. കബനിപ്പുഴയുടെ സൗന്ദര്യം കൂടെയാകുമ്പോൾ ഇത് സന്ദർശകർക്ക് കണ്ടുമതിയാകാത്ത കാഴ്ചയായി മാറുന്നു. ടിക്കറ്റെടുത്ത് ഒരു ചെറിയ ബോട്ടിൽ അവര് നമ്മെ കബനി പ്പുഴ കടത്തിത്തരും നല്ല ഒഴുക്കുള്ള വെള്ളത്തിലൂടെ ലൈഫ് ജാക്കറ്റൊക്കെ ധരിച്ചുള്ള യാത്ര ആവേശകരമാണ്. പുഴ കടന്ന് ദ്വീപിലെത്തി. ശാന്തമായ അന്തരീക്ഷത്തിൽ സുന്ദരമായ കാഴ്ചകൾ കണ്ടും ഫോട്ടോ എടുത്തും അൽപ്പ നേരം അവിടെ ചിലവഴിച്ചു.

അടുത്ത ലക്ഷ്യം തോൽപ്പെട്ടി വന്യ ജീവി സംരക്ഷണ കേന്ദ്ര മായിരുന്നു. അവിടെ കാഴ്ചകൾ കാണിക്കാനായി ജീപ്പുകളും ഗൈഡുകളും ലഭ്യമാണ്. കാട്ടിലൂടെ രണ്ടു ഭാഗത്തെയും കാടുകൾ കണ്ടുകൊണ്ടാണ് യാത്ര. യാത്രയിൽ പല മൃഗങ്ങളെയും കണ്ടു. മാനുകൾ, പലതരം പക്ഷികൾ, പലതരം കുരങ്ങുകൾ, മലയണ്ണാൻ ഇവയെ എല്ലാം കാണാൻ സാധിച്ചു. ചെടികൾക്കിടയിലൂടെയാണെങ്കിലും ചിലർക്ക് ആനയെ കാണാൻ സാധിച്ചു.

കാഴ്ചകൾ കണ്ട് വൈകുന്നേരമായി. പോകുന്ന വഴിയിൽ കാരാപ്പുഴ ഡാം കൂടി കണ്ടു. മടക്ക് യാത്രയിൽ കൈയിലുണ്ടായിരുന്ന ഭക്ഷണം വനത്തിലിരുന്ന് , കല്ലുകളും

വീണു കിടക്കുന്ന മരങ്ങളും ഭക്ഷണ മേശയാക്കി കഴിച്ചപ്പോൾ വലിയൊരു സന്തോഷമായിരുന്നു. ഞങ്ങൾക്കാവശ്യമായ ജലം ലഭിച്ചത് കാട്ടരുവിയിൽ നിന്നുമായിരുന്നു.

കുറെ സമയത്തെ യാത്രക്ക് ശേഷമാണ് കാരാപ്പുഴ ഡാമിലെത്തിയത്. അപ്പോഴേക്കും നേരം ഇരുട്ടിയിരുന്നു. കുറച്ചു സമയം അതിലൂടെ ചുറ്റിയടിച്ചതിനു ശേഷം സമയം വളരെ വൈകിയിരുന്നു. പിന്നീട് നല്ല തണുപ്പിൽ ചുരം ഇറങ്ങി. കുടുംബം ഒന്നിച്ചുള്ള വയനാടൻ യാത്ര ഒരിക്കലും മറക്കാൻ പറ്റാത്തതാണ്.

അനീസ്





# ഉഗ്രൻ തമാശ

കിങ്ങ് ലയണിന്റെ മന്ത്രിമാരായിരുന്നു ആനയും, കടുവയും, കുരങ്ങനും, ആമയും. കടുവ ശത്രുക്കളെ കണ്ടെത്താൻ മിടുക്കനാണ്. ആന വഴിയൊരുക്കാൻ വിരുതനാണ്. കുരങ്ങൻ ശത്രുക്കളെ നിരീക്ഷിക്കും. ആമയുടെ കാര്യങ്ങളൊക്കെ വളരെ പതുക്കെയാണ്. മറ്റു മൂന്നുപേരും വല്ലതും ചെയ്യുമ്പോൾ വേഗം കുറക്കാനായി ആമയെ കൂട്ടത്തിലിടും. ഒരു ദിവസം കിങ്ങ് ഉണർന്നത് ഭയങ്കര മൂഡോഫുമായിട്ടാണ്. കിങ്ങ് തന്റെ മന്ത്രിമാരെ ഗുഹയിയിലേയ്ക്ക് വിളിച്ചുവരുത്തി പറഞ്ഞു.

നിങ്ങൾ ഓരോരുത്തരും ഓരോ തമാശ പറയണം. പറഞ്ഞു തുടങ്ങുമ്പോഴേ കേൾക്കുന്നവർ ചിരിക്കണം. ആരെങ്കിലും ഒരാൾ ചിരിച്ചില്ലെങ്കിൽ തമാശ പറഞ്ഞവനാ ഇടി. ...

മന്ത്രിമാർ പേടിച്ചു വിറച്ചു. കുരങ്ങൻ ആദ്യം പറഞ്ഞു തുടങ്ങി. ഒരിടത്തൊരിടത്ത് ഒരു മണ്ടൻ കുരങ്ങൻ ഉണ്ടായിരുന്നു. ആൽ മരം മുട്ടയിടുമെന്നായിരുന്നു അവന്റെ വിചാരം. അതു കേട്ടതും എല്ലാവരും പൊട്ടിചിരിച്ചു. പക്ഷേ ആമ മാത്രം ചിരിച്ചില്ല. ആമ മാത്രം ചിരിക്കാത്തതുകൊണ്ട്

കുരങ്ങന് നല്ല ഇടിയും കിട്ടി.


അടുത്തത് ആനയാണ് തമാശ പറയാൻ തുടങ്ങിയത്. ഒരാന ചെവി വീശി പറക്കാമെന്ന് കരുതി പാറപ്പുറത്ത് കയറി ചാടി കാലൊടിഞ്ഞു. അതു കേട്ടതും എല്ലാവരും പൊട്ടിചിരിച്ചു. പക്ഷേ ആമ മാത്രം ചിരിച്ചില്ല. ആമ മാത്രം ചിരിക്കാത്തതുകൊണ്ട് ആനക്ക് നല്ല ഇടിയും കിട്ടി.

അടുത്ത തമാശ പറഞ്ഞത് കടുവയാണ്. ഒരു കടുവ തന്റെ പുള്ളി വിൽക്കാൻ ചന്തയിൽ ചെന്നു. അതു കേട്ടതും എല്ലാവരും പൊട്ടിചിരിച്ചു. പക്ഷേ ആമ മാത്രം ചിരിച്ചില്ല. ആമ മാത്രം ചിരിക്കാത്തതുകൊണ്ട് കടുവക്ക് നല്ല ഇടിയും കിട്ടി.

ഇനി തമാശ പറയേണ്ടത് ആമയാണ്. പെട്ടെന്ന് ആമ പൊട്ടിചിരിച്ചു. താനെന്താടോ ചിരിക്കുന്നത് കിങ് അലറി. ആമ പറഞ്ഞു. ഹ..... ഹ.... ഹ..... കുരങ്ങൻ നേരത്തെ പറഞ്ഞ തമാശ കൊള്ളാം എനിക്കിപ്പഴാ മനസ്സിലായത്.

മെറിൻ




A
Rainy
Day
in Watercolor





# ഞാൻ നട്ട മരം



ഞാൻ നട്ട മരമാണിത്.
ഞാൻ വെള്ളമൊഴിച്ചതും
വളമിട്ടതും നീ വളരാൻ



# മഹത് വചനങ്ങൾ

**ഏഴു സാമൂഹ്യ തിൻമകൾ**

അധ്വാനിക്കാതെ ലഭിക്കുന്ന സമ്പത്ത്

മനസാക്ഷി ഇല്ലാത്ത സന്തോഷം

സദാചാരമില്ലാത്ത വാണിജ്യം

ത്യാഗമില്ലാത്ത പ്രാർത്ഥന

തത്ത്വദീക്ഷയില്ലാത്ത രാഷ്ട്രീയം

സ്വഭാവശുദ്ധിയില്ലാത്ത രാഷ്ട്രീയം

മനുഷ്യത്വമില്ലാത്ത ശാസ്ത്രം

വിദ്യാഭ്യാസം എന്നത് എഴുത്തും വായനയും പഠിക്കുക എന്നതല്ല. അത് പ്രതിസന്ധികളെ തരണം ചെയ്യാനുള്ള കരുത്താർജിക്കലാണ്.

**ഗാന്ധിജി**

ചെന്നെത്തുന്നതെവിടെയെങ്കിലുമാവട്ടെ സത്യത്തെ തന്നെ പിൻ തുടരുക. ഭീരുത്വവും കാപട്യവും ദൂരെക്കളയുക.

**സ്വാമി വിവേകാനന്ദൻ**

ഇരുട്ടിന് ഇരുട്ടിനെ ഓടിച്ചുകളയാനാവില്ല. വെളിച്ചത്തിനേ അത് സാധിക്കൂ. വെറുപ്പിന് വെറുപ്പിനെ തുരത്താനാവില്ല. സ്നേഹത്തിനെ അത് സാധിക്കൂ.

**മാർട്ടിൻ ലൂഥർ കിങ്.**


ഉറക്കത്തിൽ കാണുന്നതല്ല സ്വപ്നം. നമ്മുടെ ഉറക്കം നഷ്ടപ്പെടുത്തുന്നതാണ് യഥാർത്ഥ സ്വപ്നം.

**അബ്ദുൾ കലാം**

ചിലർ നിങ്ങളുടെ മുന്നിലെത്തുന്നത് ഒരു ആഗ്രഹമായിട്ടായിരിക്കും . എന്നാൽ ചിലർ നിങ്ങൾക്കൊരു പാഠമായിരിക്കും.

**മദർ തെരേസ**

**അഭിഷേക് എ എസ്**



# പ്രളയമെടുത്ത ജീവിതം

പ്രളയമീ  ജീവിതം അവസാനിച്ചു

എന്നൊരു തോന്നലിതാ മനസ്സിൽപ്രളയ സന്ദർഭത്തിലിതാ

കേരളം ഒന്നിച്ചു കൂട്ടായി നിൽക്കുന്നിതാ...

ദൈവത്തിൻ നാടെന്നു വിളിക്കപ്പെട്ട

കേരളമാകെ പ്രളയം തീർത്തു.

പ്രളയത്തിൻ മലവെള്ളം പൊങ്ങി വന്നു.

കരകൾ കവിഞ്ഞു വയൽ നിറഞ്ഞു

പ്രളയമേ നിന്നെ താണ്ടിടും ഞങ്ങൾ


കുതിരപോൽ വാശിതിമർപ്പിനോടെ

സഹായങ്ങൾ തേടി നിൽക്കുന്നിതാ

നമ്മുടെ സ്വന്തം കേരളമിന്ന്

ജീവന്റെ തുടിപ്പുകൾ ഓരോന്നായി

കൊണ്ടുപോകുന്നിതാ വെള്ളപ്പൊക്കം


രക്ഷിക്കൂ നിങ്ങൾ മനുഷ്യരെ
രക്ഷിക്കൂ നിങ്ങൾ കേരളത്തെ
ഒന്നിച്ചു നിൽക്കൂ മനുഷ്യരെ..
ഒന്നിച്ചു നിൽക്കണം നാം.
ബിജില

# നാളയുടെ വിപത്ത് ലഹരി

പുകയില, പാൻമസാല, മദ്യം തുടങ്ങിയ ലഹരി ഉൽപ്പന്നങ്ങളുടെ ഉപയോഗം ഇന്ന് അടിക്കടി വർദ്ധിച്ചുവരുന്നതായാണ് പഠന റിപ്പോർട്ട്. പ്രത്യേകിച്ച് യുവ തലമുറക്കിടയിലും സമൂഹത്തെ വളരെയധികം സ്വാധീനിക്കുന്ന സിനിമ ലോകം വരെ ലഹരിയുടെ നീരാളിക്കൈകളിൽ അകപ്പെട്ടത് കഴിഞ്ഞ വർഷം നാം കണ്ടതാണ്.

ലഹരിയുടെ ഉപയോഗം പരലോകത്തെത്താനുള്ള കുറുക്കു വഴിയാണെന്നറിഞ്ഞോ അറിയാതെയോ ആണ് പലരും ഇതിൽ വന്നുപെടുന്നത്. സാമ്പത്തിക നിലയിൽ വന്ന മാറ്റം, അണു കുടുംബം, മാതാപിതാക്കൾ തമ്മിലുള്ള ചേർച്ചയില്ലായ്മ തുടങ്ങിയ നിരവധി കാരണങ്ങളാണ് യുവ

തലമുറയെ വഴി തെറ്റിക്കുന്നത്.

ലഹരി എന്നാൽ എന്തിനോടുമുള്ള ലഹരിയാണ്. മൊബൈൽ , ടി വി, മതം, ഇന്റർനെറ്റ് എന്നിവയോടുള്ള അമിതമായ ആസക്തിയും ലഹരി തന്നെ. ഇവയെല്ലാം മൂല മുണ്ടാകുന്ന കെടുതികൾ വളരെ ആഴത്തിലാണ് സമൂഹത്തെയും കുടുംബത്തെയും ബാധിക്കുന്നത്. ഇവ മൂലം പലരീതിയിലുള്ള ശാരീരിക, മാനസിക, സാമൂഹ്യ പ്രശ്നങ്ങളാണ് ഉണ്ടാവുന്നത്.

ഒരു മനുഷ്യന്റെ ഏറ്റവും വലിയ സ്വത്താണ് അവന്റെ ആരോഗ്യം. അത് നഷ്ടമാകാതെ സമൂഹത്തെ ജീർണതയിലേയ്ക്ക് നയിക്കുന്ന ലഹരിക്കെതിരെ നമുക്ക് കൈകോർക്കാം. നന്നായി പോരാടാം നല്ല നാളെയ്ക്കായി പ്രതീക്ഷയോടെ കാത്തിരിക്കാം.

**നന്ദന**

# നാഗരികം



ഒടുവിൽ ഭാര്യയുടെ നിർദ്ദേശപ്രകാരം അയാൾ പ്രായമായ അച്ഛനെ വൃദ്ധസദനത്തിലാക്കി. പിന്നീട് നഗര ഹൃദയത്തിലുള്ള ഫ്ലാറ്റിലേക്ക് തിരിച്ചു. ആഡംബരക്കാറിലുള്ള ഉച്ചത്തിലുള്ള റോക്ക് മ്യൂസിക്ക് അല്പമൊന്ന് താഴ്ത്തി കൂടെയുണ്ടായിരുന്ന മകൻ അയാളോട് പറഞ്ഞു. പപ്പാ വലിയ കാര്യാ ചെയ്തത്, മുത്തച്ഛനെ നല്ലോരിടത്താക്കിയല്ലോ. പിന്നൊരു കാര്യം ഞാൻ വലുതാകുമ്പോൾ ഇങ്ങനെയൊന്നും ചെയ്യില്ലിട്ടോ. അയാൾ ആശ്വാസത്തോടെ മകനോട് നീ മനസാക്ഷിയുള്ളോനാ....... എനിക്കറിയാം നീയെന്നെ പൊന്നുപോലെ നോക്കുമെന്ന്. .....

അതുകേട്ട മകൻ പപ്പാ ഞാൻ ചിന്തിച്ചത് അങ്ങിനെയല്ലട്ടോ.... നിങ്ങൾക്ക് വയസ്സാകുമ്പോൾ വല്ല വിഷവും തന്ന് ഏതെങ്കിലും കൊക്കയിൽ .......... മരവിച്ചുപോയ അയാൾ ദു:ഖം പങ്കിടാൻ ഭാര്യയെ വിളിച്ചപ്പോൾ സോറി...... ടാ ഞാൻ അല്പം ബിസിയാണ്. എന്റെ ഫ്രണ്ടിന്റെ കൂടെയാ.... രണ്ടു ദിവസം കഴിഞ്ഞേ മടങ്ങൂ

..... അതേ ഒരു കാര്യം പപ്പിക്കുട്ടിക്ക് ബിസ്ക്കറ്റും പാലും കൊടുക്കാൻ മറക്കരുതെന്ന് പറഞ്ഞ് ഫോൺ ഓഫാക്കി.

പിന്നീട് ആയാൾ ബാറിൽ പഴയകാല ഓർമ്മകളെ ചികഞ്ഞു. വീട്ടു മുറ്റത്തെ നാട്ടുമാവിൻ കൊമ്പിൽ അച്ഛൻ കെട്ടിയിട്ടാട്ടിയ ഊഞ്ഞാലിൽ അഭയം കണ്ടെത്താൻ ശ്രമിച്ചു. മകൻ ഫെയ്സ് ബുക്കിൽ പുതിയ സൗഹൃദങ്ങളെയും.......

**നിവേദ്യ എം**



# വാട്സപ്പും ഫെയ്സ്ബുക്കും



എവിടെ തിരഞ്ഞാലും  എവിടെ നോക്കിയാലും
ഫോണിൽ കളിക്കുന്ന കൂട്ടുകാർ നമ്മൾ
എന്തിനും ഏതിനും ഫോണുകൾ മാത്രം
വഴി തെറ്റിക്കുന്ന എഫ് ബിയും ആപ്സും

കൂട്ടുകാർ തമ്മിൽ കളി ചിരിയില്ല.
മാതാപിതാക്കളോട് മിണ്ടാട്ടമില്ല

ഫോണിൽ കളിച്ച്  വായിക്കാൻ മറക്കുന്ന
കുട്ടിക്കുറുമ്പൻമാർ നമ്മളെല്ലാം
വഴി തെറ്റി നടക്കുന്ന കൊച്ചു ഫ്രീക്കൻമാർ
കൊച്ചു ബാലൻമാർ നമ്മളെല്ലാം

നാളേയ്ക്ക്  വേണ്ടി ചുവടു വെയ്ക്കുവാൻ
ഇനിയുണ്ടാകുമോ ഇവരെല്ലാം

**ശിഖ ഗ്ലോറിയ**

# പഴഞ്ചൊല്ലുകൾ



അയലത്തെ  ബന്ധുവിനെക്കാൾ

അകലത്തെ ശത്രു നല്ലത്

അങ്ങാടിയിൽ തോറ്റതിന് അമ്മയോട്

അങ്ങാടി പ്പയ്യ് ആലയിൽ നിൽക്കില്ല

അച്ഛൻ ഇച്ചിച്ചതും പാല്  വൈദ്യൻ  കല്പ്പിച്ചതും പാല്.

അത്താഴം മുടക്കാൻ നീർക്കോലി മതി

അകത്തുകത്തിയും പുറത്തു പത്തിയും

അധികം കൂവുന്ന കോഴി അല്പമേ മുട്ടയിടൂ

ആന മെലിഞ്ഞാൽ തൊഴുത്തിൽ കെട്ടുമോ?

ആറ്റിൽ കളഞ്ഞാലും അളന്നു കളയണം

ഇടി വെട്ടിയവനെ  പാമ്പു കടിച്ചു.

ഉണ്ടവനറിയില്ല ഉണ്ണാത്തവന്റെ വിശപ്പ്

ഉത്സാഹമുണ്ടെങ്കിൽ അത്താഴം ഉണ്ണാം

ഉണ്ട ചോറിൽ കല്ലിടരുത്

ഏറ്റി വച്ചിട്ട് ഏണി വലിക്കരുത്.

ഏറെ കറന്നാൽ ചോര

മെൽവിൻ



# കുറവുകൾ തീർക്കുന്ന കൂട്ടുകാർ

എല്ലാവരും കൈകൾ ഉയർത്തൂ മിനി ടീച്ചർ പറഞ്ഞതു കേട്ട് കുട്ടികൾ കൈകൾ ഉയർത്തിപ്പിടിച്ചു. ഇനി കൈകൊട്ടൂ. എല്ലാവരും കൈയടിച്ചു. എല്ലാവരും ചാടിണീൽക്കൂ. കുട്ടികൾ ഉത്സാഹത്തോടെ സീറ്റുകളിൽ നിന്നും ചാടിയെണീറ്റു. എല്ലാവരും കണ്ണിൽ തൊട്ട് കാതിൽ തൊട്ട് രണ്ടു തവണ കൈയടിച്ച് താങ്കയു ഗോഡ് എന്നു പറയൂ. കുട്ടികൾ അപ്രകാരം ചെയ്തു. ഇനി കൈകൾ ഉയർത്തി പൂപോലെ വിടർത്തി പിടിച്ച് നിന്ന നിൽപ്പിൽ വട്ടം കറങ്ങുക. കുട്ടികൾക്ക് രസം പിടിച്ചു. അവർ ടീച്ചർ പറഞ്ഞതു പോലെയൊക്കെ ചെയ്തു. ഇനി എല്ലാവരും ശാന്തമായി ഇരിക്കൂ. എല്ലാവരും സ്വസ്ഥാനങ്ങളിൽ ഇരുന്നു കഴിഞ്ഞപ്പോൾ ടീച്ചർ പറഞ്ഞു നിങ്ങളൊക്കെ ഭാഗ്യവാൻമാരും ഭാഗ്യവതികളുംമാണ്. നിങ്ങൾക്ക് കൈയും കാലും കണ്ണും കാതുകളുമൊക്കെയുണ്ട്. അവയ്ക്ക് ആരോഗ്യവും ഉണ്ട്. അവ ഇഷ്ടം പോലെ ചലിപ്പിക്കാനും കഴിയും. നിങ്ങൾ ഇക്കാര്യങ്ങൾക്കും ദൈവത്തിന് നന്ദി പറയണം. ഒന്നു

നിർത്തിയിട്ട് ടീച്ചർ തുടർന്നു. വെറുതെ നന്ദി പറഞ്ഞാൽ പോരാ ഇവയൊക്കെ നല്ല കാര്യങ്ങൾക്കായി ഉപയോഗിക്കണം.

അതു പോരാ ശരിയായ ആരോഗ്യമില്ലാത്തവരും അവയവങ്ങൾ ഇഷ്ടം പോലെ ചലിപ്പിക്കാൻ കഴിയാത്തവരും ഈ ലോകത്തുണ്ട്. അവരെ സഹായിക്കാനും അവരോടു കൂട്ടുകൂടാനും നിങ്ങൾ ശ്രമിക്കണം.



# സോഫിയ എന്ന റോബോട്ട് സുന്ദരി

ആരാണീ സോഫിയ എന്ന് കൂട്ടുകാർക്ക് മനസ്സിലായോ കൃത്രിമ ബുദ്ധി സാങ്കേതിക വിദ്യ അടിസ്ഥാനമാക്കി നിർമ്മിച്ച ഹ്യൂമനോയ്ഡ് റോബോട്ടാണ് സോഫിയ.



സൗദിഅറേബ്യയിൽ നടന്ന ഭാവി നിക്ഷേപ സംരംഭ സമ്മേളനത്തിൽ വെച്ച് 2017 ഒക്ടോബർ 25 നാണ് സൗദി സർക്കാർ സോഫിയക്ക് പൗരത്വം നൽകിയത്.

ഇതാദ്യമായാണ് ഒരു രാജ്യം റോബോട്ടിന് പൗരത്വം നൽകുന്നതെന്നും അപൂർവ്വമായ ഈ അംഗീകാരത്തിൽ താൻ ഏറെ അഭിമാനിക്കുന്നുവെന്നും സോഫിയ പ്രതികരിച്ചിരുന്നു. ഒരു രാജ്യത്തിന്റെ പൗരത്വം നേടുന്ന ആദ്യ റോബോട്ടാകാൻ കഴിഞ്ഞതിലൂടെ താൻ ചരിത്രത്തിൽ സ്ഥാനം നേടിയെന്നും സോഫിയ വ്യക്തമാക്കി.

സിംഗപ്പൂരിലെ ഹാൻസൺ റോബോട്ടിക്സാണ് സോഫിയയുടെ നിർമ്മാതാക്കൾ . 2015 ഏപ്രിൽ 15 നാണ് സോഫിയ പ്രവർത്തനക്ഷമമായത്. വിവരങ്ങൾ വിശകലനം ചെയ്യുന്നതിനും മറ്റുള്ളവരുടെ മുഖഭാവങ്ങൾ തിരിച്ചറിയുന്നതിനും കഴിവുള്ള സോഫിയ മനുഷ്യരെ നന്നായി അനുകരിക്കാറുണ്ട്. കൂടാതെ ചില ചോദ്യങ്ങൾക്ക് മറുപടിയും നൽകും. ഒതുങ്ങിത മൂക്കും അൽപ്പം ഉയർന്ന കവിളെല്ലുകളും നല്ല ചർമ്മവും വികാരങ്ങളെ ആഴത്തിൽ പ്രതിഫലിപ്പിക്കുന്ന കണ്ണുകളുമുള്ള സുന്ദരിയാണ് സോഫിയ എന്ന് നിർമ്മാതാക്കളായ ഹാൻസൺ റോബോട്ടിക്സ് സോഫിയയെ കുറിച്ചുള്ള വെബ്സൈറ്റിൽ ആമുഖമായി വർണ്ണിച്ചിട്ടുണ്ട്.

**ഇജ്ലാൻ**



# ഓർമ്മകൾ




ഓർമ്മ പെയ്യുമീ വഴികളും
കൊന്ന പൂക്കുമീ വഴികളും
ഇളവെയിൽ  പോയ സന്ധ്യയും
മനസ്സിലെ മൗനം മാത്രമോ
പെയ്തു തീരും കിനാക്കൾ തൻ
നോവു നെയ്യുമീ യാത്രയിൽ
ഏകനായി ഞാൻ പോകവേ
മനസ്സിലെ മൗനം മാത്രമോ
ഒരു കൊച്ചു മാവിൻചുവട്ടിൽ
പൊഴിയുന്ന മാമ്പൂ പെറുക്കി
ഇനിയും പൂക്കാൻ തുടങ്ങും
മധുരമീ ഓർമ്മകൾ...



അഞ്ജന ചന്ദ്രൻ

# കുഞ്ഞുണ്ണിക്കവിതകൾ



പഴയ തലമുറക്ക് തലയില്ല
പുതിയ തലമുറക്ക് മുറയില്ല.

ഞാൻ പോയാലെ ജ്ഞാനം വരൂ
അറിയില്ലെന്നുള്ളറിവുണ്ടാകുന്നതാണറിവ്

ആറുമലയാളിക്ക് നൂറു മലയാളം
അര മലയാളിക്കൊരു മലയാളം
ഒരു മലയാളിക്കും മലയാളമില്ല.

തെങ്ങുമ്മേ കായ്പതു തേങ്ങ
മാവുമ്മേ കായ്പതു മാങ്ങ
പ്ലാവുമ്മേ കായ്പതു മാത്രം
പ്ലാങ്ങയാകാത്തതെന്തമ്മേ

കുഞ്ഞുണ്ണിക്കൊരു മോഹം
എന്നും കുഞ്ഞായി രമിക്കാൻ
കുഞ്ഞുങ്ങൾക്കു രസിച്ചീടുന്നൊരു
കവിയായിട്ടു മരിക്കാൻ

പണ്ടത്തെയാൾക്കാര് കുടക്കീഴില്
ഇന്നത്തെയാൾക്കാര് കൊടിക്കീഴില്

ഡെറിലൻ ഫിലിപ്പ്



# കുസൃതിച്ചോദ്യങ്ങൾ



വെള്ളത്തിൽ വീണാൽ നനയാത്ത വസ്തു

-- നിഴൽ

തലകുത്തി നിന്നാൽ വലുതാകുന്നത് ആര് ? --- 6

വെട്ടും തോറും നീളം കൂടുന്നതെന്ത് ? -- വഴി

നട്ടാൽ മുളക്കാത്ത പയർ -- അമ്പയർ

വാഹനങ്ങളുമായി ബന്ധപ്പെട്ട നൃത്ത രൂപം -- ബ്രേക്ക് ഡാൻസ്

താമസിക്കാൻ പറ്റാത്ത വീട് -- ചീവീട്

ഏറ്റവും ചെറിയ പാലം -- മൂക്കിന്റെ പാലം

ആണുങ്ങൾ ഇടത്തെ കൈയിലും പെണ്ണുങ്ങൾ വലത്തെ

കയ്യിലും വാച്ച് കെട്ടുന്നത് എന്തിന് - - സമയം നോക്കാൻ

സ്ഥാനം മാറുമ്പോൾ  പേര് മാറുന്ന വസ്തു. --- രോമം

തലമേൽ കാലു വച്ച് നടക്കുന്ന ജീവി -- പേൻ

ആരും ആഗ്രഹിക്കാത്ത പണം - ആരോപണം

ആവശ്യമുള്ളപ്പോൾ വലിച്ചെറിയും ആവശ്യം കഴിഞ്ഞാൽ

സൂക്ഷിച്ച് വക്കും -- മീൻ വല

**അബ്നർ ഷൈജു.**



# അമ്മ

കുഞ്ഞുനാൾ മുതലേ പിച്ചവെയ്ക്കാൻ

പഠിപ്പിച്ച മാതൃസ്നേഹത്തിന്റെ

തണുപ്പാർന്ന തലോടലാണമ്മ.

ഉപദേശിക്കുമ്പോഴും ചൂടേറിയ  വാക്കുകൾ

നൽകി നാം വേദനിപ്പിച്ചെങ്കിലും

മിണ്ടാതെ ചിരിയോടെ ഉത്തരം

 നൽകുന്ന  സ്നേഹമാണമ്മ




തന്റെ ആവശ്യങ്ങൾ പലതും

വേണ്ടെന്നു വെച്ച് നമ്മൾ തൻ

ആവശ്യങ്ങൾ നിറവേറ്റുന്ന

സ്നേഹ മധുരമാണമ്മ

വീണ്  മുറിവുകൾ  ശരീരത്തി-

ലേൽക്കപ്പെട്ടാൽ വെച്ചുകെട്ടി

മുറിവുണക്കുന്ന  അനശ്വര നൻമയാണമ്മ

സ്വന്തം കരഞ്ഞ് സങ്കടമടക്കി

നമ്മൾ തൻ  സങ്കടമറിഞ്ഞ്

കണ്ണീർ തുടച്ചു നീക്കുന്ന  സ്നേഹമാണമ്മ

മേലെ താരങ്ങൾ കാണിച്ചു തന്ന്

ചിരിപ്പിക്കുകയും പുറം തിരിഞ്ഞ്

കരയുകയും ചെയ്യുന്ന വേദനയാണമ്മ

അമ്മതൻ ചൂടേറ്റ് വളരുമ്പോൾ

മറക്കരുതേ ആ സ്നേഹ തലോടൽ

ഉപയോഗം കഴിഞ്ഞമ്മയെ

വലിച്ചെറിയുമ്പോൾ ഓർക്കുക

അന്നമ്മക്കും വലിച്ചെ-


റിയാമായിരുന്നു നമ്മെ

എന്നിട്ടും വേദനകളേറ്റ് -

വളർത്തിയില്ലേ?

**എവ്‌ലിൻ മരിയ**

# പ്രളയാനന്തര നവകേരളത്തിനായി



മഹാമാരിയിൽ പ്രളയത്തോടൊപ്പം മാനവികത അണപൊട്ടിയൊഴുകിയ ദിനങ്ങൾ കൂടിയാണ് 2018 ഓഗസ്റ്റ് മലയാളിക്ക് സമ്മാനിച്ചത്. ആർത്തിരമ്പിയ പ്രളയം സ്വാർത്ഥതയുടെ മതിലുകൾ തകർത്തു. നാലു ചുമരുകളുടെ കംഫർട്ട് സോണിൽ നിന്ന് മലയാളികൾ വിമോചിക്കപ്പെട്ടു. എങ്ങും നല്ല സമരിയാക്കാർ മാത്രം. വിതരണം, കൊടുക്കൽ വാങ്ങൽ , എന്നിവ മൊത്തത്തിൽ കമ്മ്യൂണിറ്റിയുടെ ഉടമസ്ഥതയിലോ നിയന്ത്രണത്തിലോ മാത്രമായിരിക്കണമെന്ന നടക്കാത്ത സ്വപ്നം യാഥാർത്ഥ്യമായ ദിനങ്ങൾ.

ഈ അവസ്ഥ എന്നും തുടരുമെന്ന് ആശിക്കരുത്. വിശപ്പിന്റെ വിളി വീണ്ടും മത്സര ബുദ്ധിയും ലാഭക്കൊതിയും വളർത്തും. അത് നിലനിൽപ്പിനായി പ്രകൃതി തന്ന ഗുണങ്ങൾ തന്നെ. പ്രതിഫലം ആഗ്രഹിക്കാത്ത പ്രവർത്തനങ്ങൾക്ക് പ്രേരകമായ സഹാനുഭൂതിയുടെ വൈകാരിക കുത്തൊഴുക്ക് അവസാനിച്ചിരിക്കുന്നു. ഇത് മനുഷ്യ മനസ്സുകളിൽ അലംഭാവത്തിന്റെ ചെളിയിടാൻ ഇടയാകും. അതിനാല്ഇനി ബുദ്ധിക്കും മികവിനുമാണ് പ്രാധാന്യം.



നന്ദി...............